# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യ നമ്പർ 1095 06. 06.2018-ലെ മറുപടി

## സ്മാർട്ട് വാട്ടർ മീറ്റർ

| ചോദ്യം<br>ശ്രീ. അനിൽ അക്കര | ഉത്തരം<br>ശ്രീ.മാത്യു ടി തോമസ്<br>( ജല വിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ. നഷ്ടത്തിൽ പ്രവർത്തിക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് വാട്ടർ മീറ്റർ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;<br><br>ബി. ഏത് കമ്പനിയിൽ നിന്നുമാണ് സ്മാർട്ട് മീറ്റർ വാങ്ങുന്നതെന്നും ഇത് നടപ്പിലാക്കുന്നത് മൂലമുള്ള പ്രയോജനം എന്താണെന്നും വെളിപ്പെടുത്തുമോ; | (എ&ബി):<br>ഉണ്ട്.<br>ഒരു കമ്പനിയിൽ നിന്നും വാട്ടർ അതോറിറ്റി നേരിട്ട് സ്മാർട്ട് വാട്ടർ മീറ്ററുകൾ വാങ്ങുന്നില്ല. ഇതിനായുള്ള ടെണ്ടർ ക്ഷണിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>സ്മാർട്ട് വാട്ടർ മീറ്ററുകൾ സ്ഥാപിക്കുന്നതുകൊണ്ട് താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭിക്കുന്നതാണ്.<br>1. കൃത്യമായ ഇടവേളകളിൽ (മണിക്കൂറുകൾ, ദിവസേന, ആഴ്ചകളിൽ, മാസങ്ങളിൽ തുടങ്ങിയ) ആട്ടോമാറ്റിക് ആയി റീഡിംഗ് രേഖപ്പെടുത്തുവാൻ സാധിക്കുന്നതിനാൽ ജലമോഷണം, മീറ്റർ പോയിന്റ് കഴിഞ്ഞുള്ള ലീക്കുകൾ, മീറ്റർ ടാമ്പറിംഗ് മുതലായവ എളുപ്പത്തിൽ തിരിച്ചറിയുവാൻ കഴിയും .<br>2. മീറ്റർ പോയിന്റിൽ വെള്ളം ഉണ്ടോ ഇല്ലയോ എന്നതും റിവേഴ്സ് ഫ്ലോയും രേഖപ്പെടുത്തുവാൻ സാധിക്കും.<br>3. കൃത്യത കൂടുതലാണ്.<br>4. മീറ്റർ റീഡിങ്ങിനുള്ള ചെലവ് കുറയ്ക്കുവാൻ കഴിയും. |
| സി. സ്മാർട്ട് വാട്ടർമീറ്റർ പദ്ധതി നടപ്പിലാക്കുന്നതോടെ മീറ്റർ റീഡർ തസ്തിക ഇല്ലാതാകുമോ; എങ്കിൽ അധികമായി വരുന്ന പ്രസ്തുത ജീവനക്കാരുടെ സേവനം എപ്രകാരം ഉപയോഗിക്കുവാനാണ് വാട്ടർ അതോറിറ്റി തീരുമാനിച്ചിട്ടുള്ളത്എന്ന് വ്യക്തമാക്കാമോ ? | (സി) ഇപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ വളരെകുറച്ച് സ്ഥലത്തു മാത്രമാണ് പദ്ധതി നടപ്പിലാക്കുന്നത് മീറ്റർ റീഡർ ഇപ്പോൾ തസ്തിക ഇല്ലാതാകുന്നില്ല. |

**സെക്ഷൻ ഓഫീസർ**